അക്ഷയജാലകം
ന്യൂസ് ബുള്ളറ്റിൻ
AKSHAYA Gateway of Opportunities
KERALA STATE IT MISSION

Issue - 10 | Enabling Akshaya is Empowering Kerala | 2018 June

# മൈനിംഗ് ആന്റ് ജിയോളജി: വാഹന രജിസ്ട്രേഷൻ അക്ഷയവഴി ചെയ്യാം




ഇ- പാസ് മുഖേന വസ്തുക്കൾ കൊണ്ടുപോകുന്ന വാഹനങ്ങൾ KOMPAS പോർട്ടലിൽ അവരുടെ വാഹനം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പിയും മോട്ടോർ വാഹന വകുപ്പ് നൽകിയ അവസാന ഗുഡ്സ് ക്യാര്യേജ് പെർമിറ്റും മൊബൈൽ നമ്പരും സഹിതം രജിസ്ട്രേഷൻ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഘട്ടങ്ങളുടങ്ങിയ ലഘുലേഖ സംരംഭകർക്ക് അയച്ചിട്ടുണ്ട്.
website: www.portal.dmg.kerala.gov.in

## ടെലി മെഡിസിൻ പ്രവർത്തനം ആരംഭിച്ചു

കോട്ടയം ജില്ലയിൽ ടെലിമെഡിസിൻ സംവിധാനം അക്ഷയ കേന്ദ്രംവഴി പ്രവർത്തനമാരംഭിച്ചു. ലോക ആരോഗ്യദിനത്തോട് അനുബന്ധിച്ചാണ് കോരുത്തോട് അക്ഷയ കേന്ദ്രത്തിൽ ടെലിമെഡിസിൻ പ്രവർത്തനമാരംഭിച്ചത്. രോഗിയെ നേരിട്ടു കാണാതെ ഓൺലൈൻ വഴി കണ്ട് രോഗനിർണയം നടത്തി മരുന്നടക്കം ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇതുവഴി കഴിയും. അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗങ്ങളിലായി നാൽപതിൽപരം ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.



## സൗജന്യ വൈഫൈ രണ്ടാം ഘട്ടത്തിലേക്ക്




പൊതുസ്ഥലങ്ങളിൽ സൗജന്യ വൈഫൈ ലഭ്യമാക്കുന്ന കെ-ഫൈ പദ്ധതി രണ്ടാം ഘട്ടത്തിലേക്ക് കടക്കുന്നു. സംസ്ഥാനത്ത് 2000 പൊതു സ്ഥലങ്ങളിലാണ് ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുത്ത് കെ-വൈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൽ ആയിരം സ്ഥലങ്ങളിൽ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കിയിരുന്നു. ലാപ്ടോപ്പ്, മൊബൈൽ ഫോൺ എന്നിവ വഴി ദിവസവും 300 എം.ബി. ഇന്റർനെറ്റ് സൗജന്യമായി ഉപയോഗിക്കാം. എല്ലാ സർക്കാർ വെബ്സൈറ്റുകളും മൊബൈൽ ആപ്പുകളും ഹോട്ട്സ്പോട്ടുവഴി സൗജന്യമായി ലഭിക്കും. സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, പാർക്കുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളാണ് വൈഫൈയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഐടി മിഷനാണ് പദ്ധതി നടപ്പിലാക്കുന്നത്.

# ട്രൈബൽ കോളനിയിൽ ആധാർ എൻറോൾമെന്റ്

പീരുമേട് ട്രൈബൽ എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റിന്റെയും അക്ഷയ ഇടുക്കി ജില്ലാ ഓഫീസിന്റെയും ആഭിമുഖ്യത്തിൽ വണ്ടിപ്പെരിയാർ പഞ്ചായത്തിലെ സത്രം കോളനിയിൽ മെയ് 7 മുതൽ 11 വരെ അഞ്ചു ദിവസം നീണ്ടുനിന്ന ആധാർ എൻറോൾ മെന്റ് ക്യാമ്പ് സംഘടിപ്പിച്ചു. പീരുമേട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുമായി സഹകരിച്ച് നടത്തിയ ക്യാമ്പിൽ കോളനി യിലെ 97 ശതമാനം ആധാർ എൻറോൾ മെന്റ് പൂർത്തീകരിച്ചു.



## അക്ഷയ കേന്ദ്രങ്ങൾ പരമാവധി സാദ്ധ്യതകൾ ഉപയോഗിക്കണം

അക്ഷയ കേന്ദ്രങ്ങൾ പരമാവധി സാദ്ധ്യതകൾ വിനി യോഗിച്ച് പൊതുജനങ്ങൾക്ക് മികച്ച സേവനം നൽക ണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ പി.ബി. നൂഹ് പറഞ്ഞു. കളക്ട്രേറ്റിൽ ചേർന്ന അക്ഷയ പ്രോജ ക്ടിന്റെ അവലോകന യോഗത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. സാമൂഹിക സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ ഭിന്ന ശേഷിക്കാരായ എല്ലാവർക്കും ഏകീകൃത തിരിച്ചറിയൽ കാർഡ് നൽകാനുള്ള നട പടി അക്ഷയ കേന്ദ്രങ്ങൾ വഴി പുരോഗമിച്ചുവരുന്ന തായും സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും കളക്ടർ അറിയിച്ചു. അക്ഷയ കേന്ദ്രങ്ങളിലെ എഫ്. ടി.ടി.എച്ച് കണക്ഷൻ, ന്യൂ ഇൻഡ്യ അഷുറൻസ്, ഇ-ഓഫീസ് പ്രവർത്തനം എന്നിവയുടെ പുരോഗതി അവലോകന യോഗത്തിൽ വിലയിരുത്തി

## വികാസ്പീഡിയ വർക്ക്ഷോപ്പ്

ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേൻ ടെക്നോള ജി മന്ത്രാലയത്തിനു കീഴി ൽ പ്രവർത്തിക്കുന്ന ഇ-വി ജ്ഞാന വ്യാപന സംരംഭ മായ വികാസ് പീഡിയയു ടെ ആഭിമുഖ്യത്തിൽ വയ നാട്ടിൽവച്ച് ജൂലൈ 4 ന് ഏകദിന വർക്ഷോപ്പ് നട ക്കും. വിവിധ മേഖലകളിൽനിന്ന് മലയാളത്തിൽ വിജ്ഞാനശേഖരണം നടത്തി ഓൺലൈനായി ജനങ്ങളിലേക്കെത്തിക്കുവാനാണ് വികാസ്പീ ഡിയ ലക്ഷ്യമിടുന്നത്. വയനാട് സിവിൽ സ്റ്റേഷ നിലെ എപിജെ ഹാളിൽ നടക്കുന്ന വർക്ഷോപ്പ് കേന്ദ്രമന്ത്രി ശ്രീ. അൽഫോൺസ് കണ്ണന്താനം ഉദ്ഘാടനംചെയ്യും.

## മാസ്റ്റർ ട്രെയിനേഴ്സിനുള്ള പരിശീലനം പൂർത്തീകരിച്ചു

അക്ഷയ സംരംഭകർക്ക് കൂടുതൽ സൗക ര്യപ്രദമായും വേഗത്തിലും സാങ്കേതിക സേവനം ലഭ്യമാക്കുന്നതിനായി സംരംഭക രിൽനിന്ന് തെരഞ്ഞെടുത്ത മാസ്റ്റർ ട്രെയി നേഴ്സിനുള്ള പരിശീലനം പതിനാല് ജില്ല കളിലും പൂർത്തിയായി. ഇരുനൂറോളം സംരം ഭകർക്കാണ് പരിശീലനം നൽകിയത്. ഇവർ ബ്ലോക്ക് തലത്തിൽ മറ്റ് സംരംഭകർക്ക് ജില്ലാ ഓഫീസിന്റെ സഹകരണത്തോടെ ആവശ്യമായ പരിശീലനവും സംശയനിവാ രണവും നടത്തും.

# ഭക്ഷ്യ സുരക്ഷാ ക്യാമ്പ്:

## ആയിരത്തിലധികം പേർ രജിസ്റ്റർ ചെയ്തു

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ രജിസ്ട്രേഷൻ ആവശ്യമുള്ള എല്ലാ സ്ഥാപനങ്ങളെയും രജിസ്റ്റർ ചെയ്യിക്കുക എന്ന എന്ന ലക്ഷ്യത്തോടെ കോട്ടയം ജില്ലയിൽ പ്രത്യേക ഫുഡ് സേഫ്റ്റി ക്യാമ്പുകൾ നടന്നു. ഫുഡ് സേഫ്റ്റി വകുപ്പിന്റെയും അക്ഷയയുടെയും സംയുക്താഭിമുഖ്യത്തിലായിരുന്നു ക്യാമ്പുകൾ. ജൂൺ 6 ന് കോട്ടയം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് കോട്ടയം സർക്കിളിന്റെ കിഴിലുള്ള സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ക്യാമ്പും 19 ന് ഈരാറ്റുപേട്ട വ്യാപാര ഭവനിൽ വെച്ച് ഈരാറ്റുപേട്ട സർക്കിളിലെ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ക്യാമ്പും നടന്നു. ഇരുപത് അക്ഷയ സംരംഭകർ രജിസ്ട്രേഷൻ കൗണ്ടറുകൾ സജ്ജമാക്കി. രജിസ്ട്രേഷനും ലൈസൻസും ഉൾപ്പടെ ആയിരത്തോളം പേർ ഓൺലൈൻ അപേക്ഷകൾ നല്കി.



കോട്ടയം ജില്ലയിലെ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ ക്യാമ്പിൽനിന്ന്

## അക്ഷയ ഡിസ്കഷൻ ഫോറം

അക്ഷയ വെബ്സൈറ്റിലെ Discussion Forum - ത്തിൽ കൂടി സംരംഭകർക്ക് അക്ഷയയുമായി ബന്ധപ്പെട്ട സേവനങ്ങളെക്കുറിച്ച് ചർച്ച നടത്താവുന്നതാണ്. പുതിയ വെബ്സൈറ്റിൽ ലോഗിൻ ചെയ്യാനുള്ള യൂസർ ഐഡിയും പാസ്‌വേർഡും സംരംഭകർക്ക് അയച്ചിട്ടുണ്ട്. ആർക്കെങ്കിലും ലഭിക്കാതെയുണ്ടെങ്കിൽ ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

## ജീവനക്കാർക്ക് പരിശീലനം

അക്ഷയ ജീവനക്കാരെ സാങ്കേതിക മേഖലയിൽ വൈദഗ്ധ്യമുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പരിശീലനത്തിന്റെ രണ്ടാംഘട്ടം ജൂലൈയിൽ നടക്കും. കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ മൂന്ന്മേഖലകളായി തിരിച്ചാണ് പരിശീലനം. ആധാർ അടക്കമുളള സേവനങ്ങൾ ജില്ലകളിൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ പ്രയോഗിക പരിശീലനമാണ് രണ്ട് ദിവസങ്ങളായി നൽകുന്നത്. ഓരോ ജില്ലയിൽ നിന്നും രണ്ടുപേർക്കു വീതമാണ് പരിശീലനം.

## 8 കോടിയലധികം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

ഇ-ഡസ്ട്രിക്ട് അടക്കം ഇ-ഗവേർണൻസ് സംവിധാനത്തിലൂടെ 8 കോടിയിലധികം സർട്ടിഫിക്കറ്റുകൾ കേരളത്തിൽ വിതരണം ചെയ്തു. റവന്യൂ വിഭാഗത്തിലെ 24 സർട്ടിഫിക്കറ്റുകളടക്കം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സേവനങ്ങൾ ഓൺലൈനാക്കി മാറ്റിയതിലൂടെയാണ് ഈ നേട്ടം ആർജ്ജിച്ചത്.

SHARE YOUR STORY

newsletteraspo@gmail.com

അക്ഷയ ന്യൂസ് ലറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് സംരംഭകരിൽനിന്നും വിജയകഥകൾ (Success stories) ക്ഷണിക്കുന്നു. സംരംഭകർ തനതായി ഏറ്റെടുത്തു നടത്തുന്ന പ്രോജക്ടുകൾ, അക്ഷയ കേന്ദ്രം വിജയകരമായി നടത്തിക്കൊണ്ട് പോകുന്നതിനു സ്വീകരിച്ചിട്ടുള്ളതും മറ്റുള്ളവർക്ക് മാതൃകയാക്കാവുന്നതുമായ പ്രവർത്തനങ്ങൾ തുടങ്ങിയവ അയയ്ക്കാവുന്നതാണ്. തെരഞ്ഞെടുക്കുന്നവ ന്യൂസ് ലെറ്ററിൽ പ്രസിദ്ധീകരിക്കും.

***Please visit our Facebook Page:***
**https://www.facebook.com/akshayacsckerala**

Snapshots

**റിപ്പോർട്ടുകളും രചനകളും**

ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ജില്ലാതലത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും ഫോട്ടോയും newsletteraspo@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയച്ചുതരേണ്ടതാണ്.



ഗുരുകുലം പ്രോജക്ട്, പട്ടയം ആപ്ലിക്കേഷൻ മാനേജ്മെന്റ് സിസ്റ്റം എന്നിവ ഫലപ്രദമായി നടപ്പാക്കിയതിന് ഇടുക്കി ജില്ലാ ഭരണകൂടത്തിനു ലഭിച്ച സ്കോച്ച് അവാർഡ് ഇടുക്കി ജില്ലാ DEGS മാനേജർ ശ്രീ.നിവേദ് എസ് സ്വീകരിക്കുന്നു.



കണ്ണൂർ : മാസ്റ്റർ ട്രെയിനേഴ്സിനുള്ള പരിശീലനം



എറണാകുളം : ജി.എസ്.ടി. സുവിധ പരിശീലനം



കാസർഗോഡ് : ന്യൂ ഇൻഡ്യ അഷുറൻസ് പരിശീലനം



കൊല്ലം: മാസ്റ്റർ ട്രെയിനേഴ്സിനുള്ള സാങ്കേതിക പരിശീലനം



തൃശ്ശൂർ: ന്യൂ ഇൻഡ്യ അഷുറൻസ് പരിശീലനം



കോഴിക്കോട് : ഐടിഐ അപേക്ഷാ പരിശീലനം

**രചനകൾ ക്ഷണിക്കുന്നു**

ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തുന്നതിലേക്ക് ചെറുലേഖനങ്ങൾ ക്ഷണിക്കുന്നു. ഐടി മേഖലയുമായി ബന്ധപ്പെട്ടതും സംരംഭകർക്ക് പ്രയോജനപ്പെടുന്നതുമായ ലേഖനങ്ങൾ അയയ്ക്കാം.
Mail id: newsletteraspo@gmail.com